ഹരിജൻ കോളനി നിവാസികൾക്ക് വൈദ്യുതി

1513. [2268] ശ്രീ. സി. കെ. തങ്കപ്പൻ :
,, ജി. വരദൻ :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, ടി. കെ. ആറുമുഖൻ :
,, വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ കോളനി നിവാസികൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ ചെയ്തുകൊടുക്കുന്നത് ;

(ബി) ഹരിജൻ കോളനികളിലെ വീടുകളുടെ വയറിംഗ് നടത്തുന്നതിന് വീട്ടുടമകൾക്ക് തുക നൽകുകയാണോ അതോ സർക്കാർ ചെലവിൽ വയറിംഗ് നടത്തിക്കൊടുക്കുകയാണോ ചെയ്യുന്നത്?

ഉത്തരം

(എ) ഹരിജൻ കോളനി നിവാസികൾക്ക് വീട് വയറിംഗ് നടത്തുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾക്കുമായി 400 രൂപയോ ആകെ വന്നിട്ടുള്ള ചെലവോ ഇവയിൽ ഏതാണോ കുറവ്, അത് നൽകി വരുന്നു.

(ബി) വീട്ടുടമയ്ക്ക് തുക നേരിട്ടു നൽകുകയാണ് ചെയ്തു വരുന്നത്.

ദാരിദ്ര്യ വിമുക്തമാക്കപ്പെട്ട പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾ

1514. [2269] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളെ ദാരിദ്ര്യ വിമുക്തമാക്കിയിട്ടുണ്ട്;

(ബി) 1982-83, 1983-84, 1984-85, 1985-86, 1986-87 എന്നീ ഓരോ വർഷവും ദാരിദ്ര്യവിമുക്തമാക്കപ്പെട്ട കുടുംബങ്ങൾ എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1,99.419 പട്ടികജാതി കുടുംബങ്ങളെയും 15,275 പട്ടിക വർഗ്ഗ കുടുംബങ്ങളെയും ദാരിദ്ര്യ വിമുക്തമാക്കാൻ സഹായിച്ചിട്ടുണ്ട്.

(ബി) ദാരിദ്ര്യ വിമുക്തമാക്കാൻ സഹായം നൽകപ്പെട്ട കുടുംബങ്ങളുടെ എണ്ണം താഴെക്കൊടുക്കുന്നു.

വർഷം	പട്ടികജാതി കുടുംബങ്ങൾ	പട്ടികവർഗ്ഗ കുടുംബങ്ങൾ	ആകെ
1982-83	37804	2745	40549
1983-84	55778	1487	57265
1984-85	63836	5249	69085
1985-86	31073	4515	35588
1986-87	19363 (1986 ഒക്ടോബർ വരെ)	1641 (1986 ഒക്ടോബർ വരെ)	21004

LIBRARY ARCHIVES Kerala Legislative Assembly

ഇവരിൽ എത്ര കുടുംബങ്ങൾ യഥാർത്ഥത്തിൽ ദാരിദ്ര്യ വിമുക്തമാക്കപ്പെട്ടു എന്നറിയുന്നതിനായി ഒരു സർവ്വേ നടന്നുകൊണ്ടിരിക്കുകയാണ്.

പള്ളിക്കൽ പഞ്ചായത്തിലെ തൊഴിലില്ലാത്ത ഹരിജനങ്ങൾ

1515. [2270] ശ്രീമതി ഭാർഗവിതങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ മണ്ഡലത്തിൽ പള്ളിക്കൽ പഞ്ചായത്തിൽ തൊഴിലില്ലാത്ത പട്ടിക ജാതി പട്ടികവർഗക്കാർ എത്ര;

(ബി) ഇവർക്കുവേണ്ട ഏതെങ്കിലും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമോ ?

ഉത്തരം

(എ) ഈ പഞ്ചായത്തിൽ പട്ടികവർഗക്കാർ ഇല്ല. പട്ടികജാതിക്കാരെ സംബന്ധിച്ചിടത്തോളം പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

(ബി) പട്ടികജാതിക്കാരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ ഇപ്പോഴും തന്നെ താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കുന്നുണ്ട്.

1. സ്വയം തൊഴിൽ കണ്ടെത്തുവാനുള്ള വിവിധ സ്കീമുകൾക്കായി പലിശ രഹിത വായ്പ നല്കുന്നു.

2. സാങ്കേതിക പരിശീലനം ലഭിച്ചിട്ടുള്ളവർക്ക് സ്വയം തൊഴിൽ കണ്ടെത്താനായി മാർജിൻമണി സ്കീം അനുസരിച്ച് ധനസഹായം നൽകുന്നു. ഈ പദ്ധതി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻവഴിയാണ് ഇപ്പോൾ നടപ്പാക്കുന്നത്.

3. ഇതുകൂടാതെ വിവിധ വകുപ്പുകൾ പ്രത്യേക ഘടക പദ്ധതി പ്രകാരം പട്ടികജാതിക്കാർക്കായി സ്വയം തൊഴിൽ കണ്ടെത്താൻ വായ്പയും മറ്റു ധനസഹായങ്ങളും നല്കിവരുന്നുണ്ട്.

പഴയകുന്നുമ്മേൽ പഞ്ചായത്തിലെ ഹരിജൻ സെറ്റിൽമെന്റ് കോളനികൾ

1516. [2271] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജക മണ്ഡലത്തിലെ പഴയകുന്നുമ്മേൽ പഞ്ചായത്തിൽ 1981-ലെ ജനസംഖ്യ അനുസരിച്ച് എത്ര പട്ടികജാതി-പട്ടിക വർഗ്ഗക്കാർ ഉണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) അവിടെ ഇതിനകം അംഗീകരിക്കപ്പെട്ടിട്ടുള്ള ഹരിജൻ സെറ്റിൽമെന്റ് കോളനികൾ എത്ര ;

(സി) ഈ വർഷം ഇനിയും പുതിയതായി അവിടെ കോളനികൾ ഏതെങ്കിലും അംഗീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്ത് ?

ഉത്തരം

(എ) വ്യക്തമാക്കാം
പട്ടികജാതിക്കാർ—4117
പട്ടികവർഗ്ഗക്കാർ—46

(ബി) 12 (പന്ത്രണ്ട്)

LIBRARY ARCHIVES Kerala Legislative Assembly